(iii) വൈകിക്കിട്ടിയ ഉത്തരങ്ങൾ

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

റ്റി.റ്റി.പി.യിലെ വാഹനങ്ങളുടെ ദുരുപയോഗം

101 (3186) ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് കമ്പനി വക കെ.എൽ. 01-77, കെ.എൽ. 01-എം-151 എന്നീ നമ്പർ കാറുകൾ 1999 ഒക്ടോബർ മാസം മുതൽ കമ്പനി ഡ്രൈവർ അല്ലാത്ത മറ്റാരെങ്കിലും ഓടിക്കുന്നതായും കമ്പനി ആവശ്യത്തിനല്ലാതെ ഓടിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആരാണ് പ്രസ്തുത വാഹനങ്ങൾ ഓടിച്ചിരുന്നത്; എന്ത് ആവശ്യത്തിനുവേണ്ടിയായിരുന്നു;

(സി) കമ്പനി വക വാഹനം ദുരുപയോഗം ചെയ്യുന്നതിനെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) കമ്പനി വാഹനം ദുരുപയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിലെ ഒഴിവുകളിൽ തദ്ദേശവാസികൾക്കുകൂടി നിയമനം

102 (3088) ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിലെ ഒഴിവുകളിൽ തദ്ദേശ വാസികൾക്കുകൂടി നിയമനം നൽകുന്നതു സംബന്ധിച്ച് പ്രസ്തുത കമ്പനിയും തദ്ദേശവാസികളുടെ സംഘടനാ പ്രതിനിധികളും തമ്മിൽ എന്തെങ്കിലും കരാർ ഉണ്ടാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ കരാർ എന്നാണുണ്ടാക്കിയത്;

(സി) ഈ കരാർ അനുസരിച്ച് എത്ര ശതമാനം ഒഴിവുകളിലാണ് തദ്ദേശവാസികളിൽനിന്നും നിയമനം നടത്തേണ്ടത്;

(ഡി) ഏതെല്ലാം തസ്തികകളിലാണ് ഇത്തരം നിയമനം നടത്തുന്നത്;

(ഇ) ഈ കരാറിനുശേഷം ഇതുവരെ ടൈറ്റാനിയം ഫാക്ടറിയിൽ എത്ര തദ്ദേശീയരെ നിയമിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)-(സി) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിലെ ഒഴിവുകളിൽ തദ്ദേശവാസികൾക്ക് നിയമനം നൽകുന്നതു സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ നിലവിലുണ്ട്. അൺസ്കിൽഡ് വിഭാഗത്തിലുള്ള തസ്തികകളിലെ നിയമനങ്ങളിൽ 25% സബ്ലൊക്കാലിറ്റിയിൽപ്പെടുന്നവർക്കും 5% ലൊക്കാലിറ്റിയിലുള്ളവർക്കും നീക്കിവച്ചിട്ടുണ്ട്.

(ഡി)

1. ജനറൽ ലേബറർ (വർക്ക് അസിസ്റ്റന്റ്-പ്രൊഡക്ഷൻ/ഇൻജിനീയറിംഗ്)
2. കാന്റീൻ മസ്ദൂർ ഗ്രേഡ്-2
3. ഡോബി
4. സ്കാവഞ്ചർ/സ്വീപ്പർ/ക്ലീനർ (സഫയ്ക്കർ)
5. ഗാർഡനർ.

1973-നു ശേഷം 29.2.2000 വരെ പല ഘട്ടങ്ങളിലായി നടന്ന അൺസ്കിൽഡ് വിഭാഗത്തിലെ നിയമനങ്ങളിൽ സബ്ലൊക്കാലിറ്റി വിഭാഗത്തിൽ 288 പേർക്കും ലൊക്കാലിറ്റി വിഭാഗത്തിൽ 106 പേർക്കും നിയമനങ്ങൾ നൽകിയിട്ടുണ്ട്.

ടി.ടി.പി.യിൽ ബോൾ ബെയറിംഗ്സ് വാങ്ങുന്നത് സംബന്ധിച്ച പരാതി

102 (3088) ശ്രീമതി റോസമ്മ ചാക്കോ :

ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് കമ്പനിക്കുവേണ്ടി ബോൾ ബെയറിംഗ്സ് വാങ്ങുന്നത് ക്വട്ടേഷൻ മുഖേനയാണോ;

(ബി) ക്വട്ടേഷൻ വിളിക്കാതെ ഇവ വാങ്ങുന്നതിനെ സംബന്ധിച്ചുണ്ടായ പരാതികളെക്കുറിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ആണ്.

(ബി) ഉണ്ട്.

(സി) ഇതു സംബന്ധിച്ച് കമ്പനിയിലെ സെക്യൂരിറ്റി സൂപ്രണ്ട് ആന്റ് വിജിലൻസ് ഓഫീസർ അന്വേഷണം നടത്തിയിരുന്നു. അന്വേഷണ റിപ്പോർട്ടനുസരിച്ച് എസ്.കെ.എഫ്. കമ്പനിയുടെ അംഗീകൃത വിതരണക്കാരായ അജിത് ബെയറിംഗ് കമ്പനി വിതരണം ചെയ്യുന്ന സാധനങ്ങൾ വിശ്വാസയോഗ്യവും ഗുണമേന്മയുള്ളതുമാണ്. റിപ്പോർട്ടിലെ ശുപാർശയനുസരിച്ച് കമ്പനി സ്വീകരിച്ചു വന്നിരുന്ന നടപടിക്രമങ്ങൾ ക്രോഡീകരിച്ച് ഒരു പർച്ചേസ് മാന്വൽ ഉണ്ടാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly